## കഥാസാരം

അർധരാത്രിനേരം.വിജനമായ കർസാക്ക് നഗരത്തിലൂടെ സഞ്ചരിക്കുകയായിരുന്നു ഡ്രൈവർ ശംഭുവും ശുനകും. റോഡിൽ രക്തമൊലിച്ച് കിടക്കുന്ന ഒരു കുരങ്ങൻ കുഞ്ഞിനെ കണ്ട് പെട്ടെന്ന് അവർ വണ്ടി നിർത്തി. അവനേയും കൊണ്ട് ഹോസ്പിറ്റലിലെത്തി. അവനെ ഡോക്ടർമാർ പരിശോധിക്കാൻ തുടങ്ങി. അപ്പോഴേക്കും പൂച്ചപ്പോലീസും ഹോസ്പിറ്റലിലെത്തി. അവനിൽ നിന്ന് കണ്ടെടുത്ത കല്ലുകൊണ്ടും മരം കൊണ്ടുമുണ്ടാക്കിയ കരകൗശല വസ്തുക്കളും അവൻ ധരിച്ചിരുന്ന വില കൂടിയ പാകമല്ലാത്ത ടീഷർട്ടും അവർ പരിശോധിച്ചു. ശേഷം പൂച്ചപ്പോലീസ് മടങ്ങി. ആദിവാസി സമൂഹത്തിൽ പെട്ട ബാലനാകും അവനെന്ന് പൂച്ചപ്പോലീസ് സംശയിച്ചു. അന്നേരം കുഞ്ചു നിർണായക വിവരവുമായി സ്റ്റേഷനിലെത്തി. ഒരു മാഗസിനിൽ ഷെപ്പാരകളുടെ നാട്ടിൽ എന്ന പേരിൽ ഒരു ലേഖനം വന്നിരുന്നു. ഷെപ്പാർ എന്ന ഗ്രാമത്തിൽ ഒരു മാസം മുമ്പ് നടന്ന ആചാരങ്ങളെ പറ്റിയുള്ള വിവരണത്തിൽ ആ ബാലന്റെ ഫോട്ടോ ആയിരുന്നു നൽകിയിരുന്നത്. ബാലന്റെ കൈയിലുണ്ടായിരുന്ന പേന പ്രൊഫസർ പ്യാരീലാലിന്റേതാണെന്ന് മനസ്സിലായി. ബാലനെയിടിച്ച വണ്ടിയുടെ ഡ്രൈവറേയും പിടികൂടി. പ്രൊഫസർ പ്യാരീലാൽ ഹോസ്പിറ്റലിലെത്തി. ബാലനെ താൻ കണ്ട കഥ പ്രൊഫസർ പറയാൻ തുടങ്ങി.




**ഇന്ത്യയിൽ ഒമ്പത് സംസ്ഥാനങ്ങൾക്ക് കടൽത്തീരമുണ്ട്**




ഹിമാലയത്തിന്റെ ഏറ്റവും ഉയരം കൂടിയ ഭാഗം– ഹിമാദ്രി




ഹിമാലയത്തിന്റെ ഏറ്റവും ഉയരം കുറഞ്ഞ ഭാഗം – ശിവാലിക്